# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 21**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്റ്റാർട്ടപ്പിന് ദേശീയ പുരസ്കാരം

*സെർ ഫോർ മോളിക്കുലർ ആന്റ് സെല്ലുലാർ പ്ലാറ്റ്ഫോംസ് (സികാംപ്)ദേശീയ തലത്തിൽ നടത്തിയ എ.എം.ആർ ചലഞ്ചിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്റ്റാർട്ടപ്പിന് പുരസ്കാരം. സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന്റെ(ബിഐഐസി) പിന്തുണയോടെ പ്രവർത്തിക്കുന്ന വിവിഡ്യൂ ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡാണ് 1.2 കോടി രൂപയുടെ ഗ്രാന്റ് നേടിയത്.*

*ആന്റിബയോട്ടിക്കുകളെ അതിജീവിക്കുന്ന ബാക്ടീരിയകൾ(ആന്റി മൈക്രോബിയൽ റസിസ്റ്റൻസ്) പരിസ്ഥിതിയിൽ ഉയർത്തുന്ന വെല്ലുവിളിക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നിർദേശങ്ങളാണ് സികാംപ് ക്ഷണിച്ചിരുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഗവേഷകരിൽനിന്നും സ്റ്റാർട്ടപ്പുകളിൽനിന്നും ലഭിച്ച ഇരുന്നൂറോളം അപേക്ഷകളിൽനിന്ന് വിവിഡ്യു ഉൾപ്പെടെ ഒൻപതു സ്ഥാപനങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടത്.*

*ആശുപത്രികളിലെ മലിനജല പ്ലാൻറുകളിലെ വെള്ളത്തിൽനിന്ന് ആന്റിബയോട്ടിക്കുകളും ആന്റിബയോട്ടിക്കുകളെ അതിജീവിക്കുന്ന ബാക്ടീരികളെയും നീക്കം ചെയ്യുന്ന സാങ്കേതികവിദ്യയാണ് വിവിഡ്യു സമർപ്പിച്ചത്. ബിഐഐസി ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണന്റെ മേൽനോട്ടത്തിൽ നൗറിൻ ഫാത്തിമ, റിനു തോമസ്, മുഹമ്മദ് നുജൂം, ദിലിപ് മാത്യൂസ് പോൾ, മെൽബിൻ ജോൺ, കിരൺ കെന്നഡി, രേണു കുര്യൻ, നമിത മെറിൻ തോമസ്, സാലി തോമസ്, നിതിൻ തോമസ്,എ.എസ്. ശരണ്യ, മരിയ ജോർജ് എന്നിവരുൾപ്പെട്ട ഗവേഷക സംഘമാണ് ഈ ആശയം വികസിപ്പിച്ചെടുത്തത്.*

*ആശുപത്രികളിൽനിന്ന് പുറന്തള്ളുന്ന മലിന ജലത്തിൽനിന്ന് അഡ്വാൻസ്ഡ് ഓക്സിഡേഷൻ, മെംബ്രെയ്ൻ ഫിൽട്രേഷൻ, ബയോളജിക്കൽ പ്രോസസിംഗ് എന്നിവയുൾപ്പെട്ട പ്രക്രിയയിലൂടെ ഫാർമസ്യൂട്ടിക്കൽ മാലിന്യങ്ങളും ആന്റിബയോട്ടിക്കുകളെ അതിജീവിക്കുന്ന ബാക്ടീരികയകളെയും നീക്കം ചെയ്യുന്ന സംവിധാനമാണിത്. വിപുലീകരണ സാധ്യതയുള്ളതും ചിലവ് കുറഞ്ഞതുമായ ഈ സാങ്കേതികവിദ്യ ഇന്ത്യയിലും മറ്റു രാജ്യങ്ങളിലും ആരോഗ്യ മേഖലയിൽ ഉപയോഗിക്കാവുന്നതാണെന്ന് വിവിഡ്യു ടീമംഗങ്ങൾ വ്യക്തമാക്കി.*

*ആരോഗ്യ മേഖലയിൽ ഉയരുന്ന വെല്ലുവിളികളെ നേരിടുന്നതിന് പ്രാദേശികമായി വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുന്നതിനുള്ള അംഗീകാരമാണിതെന്ന് അവർ പറഞ്ഞു.*

*ഫോട്ടോ ക്യാപ്ഷൻ...*

*നൗറിൻ ഫാത്തിമ, റിനു തോമസ്, മുഹമ്മദ് നുജൂം, ദിലിപ് മാത്യൂസ് പോൾ, മെൽബിൻ ജോൺ, കിരൺ കെന്നഡി, രേണു കുര്യൻ, നമിത മെറിൻ തോമസ്, സാലി തോമസ്,നിതിൻ തോമസ്, എ.എസ്. ശരണ്യ, മരിയ ജോർജ്.*

## എം.ജി ഓണേഴ്സ് ബിരുദം; രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.*

*അലോട്ട്മെൻറ് ലഭിച്ചവർ ജൂൺ 25ന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം. താത്കാലിക പ്രവേശനം തിരഞ്ഞടുക്കുന്നവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശനം ഉറപ്പാക്കിയാൽ മതിയാകും.*

*ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശനം തിരഞ്ഞെടുക്കുന്നവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായാണ് പ്രവേശനം നേടേണ്ടത്. പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.*

*(പി.ആർ.ഒ/39/1719/2025)*

## ഓണേഴ്സ് ബിരുദം; ജൂലൈ ഒന്നു മുതൽ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ ഇതുവരെ അപേക്ഷിക്കാതിരുന്നവർക്ക് ജൂലൈ ഒന്നു മുതൽ മൂന്നുവരെ* cap.mgu.ac.in*ൽ രജിസ്റ്റർ ചെയ്യാം. നേരത്തെ അപേക്ഷ നൽകിയവർക്ക് ഓപ്ഷനുകൾ മാറ്റുന്നതിനും ഈ ദിവസങ്ങളിൽ സൗകര്യമുണ്ട്.*

*(പി.ആർ.ഒ/39/1720/2025)*

## അസിസ്റ്റന്റ് പ്രഫസർ; വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ അസിസ്റ്റന്റ് പ്രഫസർ തസ്തികയിൽ മൂന്ന് ഒഴിവുകളിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ജൂൺ 27ന് രാവിലെ 11ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും. ഒബിസി, ഇഡബ്ല്യുഎസ്, വിശ്വകർമ്മ വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട ഓരോ ഒഴിവുകൾ വീതമാണുള്ളത്.*

*ഈ വിഭാഗങ്ങളിൽ പെട്ടവരുടെ അഭാവത്തിൽ മറ്റ് സംവരണ വിഭാഗങ്ങളിൽ നിന്നുള്ളവരെയും മറ്റു സംവരണ വിഭാഗങ്ങളിൽനിന്നും യോഗ്യരായവർ ഇല്ലെങ്കിൽ ഓപ്പൺ വിഭാഗത്തിൽ പെട്ടവരെയും പരിഗണിക്കും. യുജിസി നിഷ്കർഷിക്കുന്ന യോഗ്യതകളുള്ളവർക്ക് പങ്കെടുക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1721/2025)*

## റെഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാമുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്-സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷണറി (യോഗ്യത-പ്ലസ്ടു) പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് (യോഗ്യത-ഡിഗ്രി) എന്നിവയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂൺ 29 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* www.dasp.mgu.ac.in *എന്ന വെബ്സൈറ്റിൽ. ഇമെയിൽ:* dasp@mgu.ac.in *ഫോൺ–8078786798, 0481 2733292*

*(പി.ആർ.ഒ/39/1722/2025)*

## പ്രാക്ടിക്കൽ

*അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എ ജേർണലിസം*

*ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ (എം.എ ജെ.എം.സി സിഎസ്എസ്-2023 അഡ്മിഷൻ റെഗുലർ 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പ്രാക്ടിക്കൽ പരീക്ഷ ജൂൺ 26 മുതൽ പുല്ലരിക്കുന്ന് കാമ്പസിൽ നടക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ*

*..................................................*

*നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡാറ്റ സയൻസ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1723/2025)*

## <u>പരീക്ഷാ ഫലം</u>

*ഏഴാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1724/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**